# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3398      22.08.2017 ൽ മറുപടിയ്ക്ക്

## ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; വ്യക്തമാക്കുമോ; | (എ) ടോട്ടൽ ഫോർ യു തട്ടിപ്പുമായി ബന്ധപ്പെട്ട്, തിരുവനന്തപുരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 34 കേസുകൾ അന്വേഷണത്തിനായി സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് നൽകിയിട്ടുള്ളതാണ്. ഈ 34 കേസുകളും ഇതുമായി സമാന സ്വഭാവമുള്ള കേസ്സുകളും ക്ലബ്ബ് ചെയ്ത് 10 കേസുകളായി ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചിട്ടുള്ളതാണ്. ആയതിൽ ഒരു കേസ് False കേസാണെന്ന് കണ്ടെത്തി റഫർ ചെയ്തിട്ടുള്ളതും ബാക്കി 9 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയവ ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണാവസ്ഥയിലുമാണ്. |
| (ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകുവാനുള്ള നടപടി ക്രമങ്ങൾ ഏതുഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ; | (ബി) അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്ത സ്വത്തുവകകൾ നിക്ഷേപകർക്ക് നൽകുവാനുള്ള നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട തിരുവനന്തപുരം ഒന്നാം അഡീഷണൽ സബ് കോടതിയിൽ നടന്നു വരുന്നു. |
| (സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കോടതി നിയോഗിച്ച ഒഫീഷ്യൽ റിസീവർ ചുമതല ഏറ്റെടുത്ത ശേഷം ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ ചെയ്തെന്ന് വ്യക്തമാക്കുമോ? | (സി) ഒഫീഷ്യൽ റിസീവർ ചുമതല ഏറ്റെടുത്ത ശേഷം ഗതാഗത യോഗ്യമല്ലാത്ത 6 വാഹനങ്ങളൊഴികെയുള്ളവ പരസ്യമായി ലേലം ചെയ്ത് ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിച്ചിട്ടുള്ളതുമാണ്. കേസിലെ പ്രതിയെ പാപ്പരായി പ്രഖ്യാപിച്ച് ബഹുമാനപ്പെട്ട കോടതി ഉത്തരവുണ്ടാകുന്ന |

മുറയ്ക്ക് വസ്തുക്കളും മറ്റും ലേലം ചെയ്ത് പണം വസൂലാക്കുന്നതാണെന്ന് ഒഫീഷ്യൽ റിസീവർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.